# കവിതയിലും അസ്തമയം?

''ആധുനികം'' എന്ന പേരിൽ അറുപതുകളിലും എഴുപതുകളിലും കേരളത്തിൽ പ്രചാരമാർജിച്ച കവിതാരീതി എൺപതുകളിൽ പിൻതള്ളപ്പെട്ടുവരികയാണെന്ന തോന്നുന്നു.

ഒരു സന്ദേശവും അതു് ഉൾക്കൊള്ളുന്ന ഒരു രൂപവുമെന്ന രണ്ടു ഘടകങ്ങൾ കവിതയിൽ ഉണ്ടു്. കവിതയിലെ ആധുനികത, കവിയുടെ ഒരു പ്രത്യേകതരം വീക്ഷണവും ഒരു പ്രത്യേകതരം പ്രതിപാദനസമ്പ്രദായവുമാകുന്നു. അതായതു്, കവിതയിലെ സന്ദേശത്തിനും ആ സന്ദേശം അനുവാചകനിലേയ്ക്കു സംപ്രേഷണം ചെയ്യുന്ന രീതിക്കും മാററം ആധുനികതയുടെ വക്താക്കളായ കവികൾ വരുത്തുകയുണ്ടായി.

പാശ്ചാത്യരാജ്യങ്ങളിൽ ഏതാണ്ടു 60 വർഷംമുമ്പു് 1920-കളിൽ, കലയുടെ എല്ലാ വിഭാഗങ്ങളിലും ''ആധുനികത'' സമ്മർദ്ദം ചെലുത്തിത്തുടങ്ങി. ഒന്നാംമഹായുദ്ധത്തെത്തുടർന്നു യൂറോപ്പിൽ പരക്കെ അനുഭവപ്പെട്ട ജീവിതനൈഷ്ഫല്യബോധവും വ്യാവസായികലോകത്തിൽ വ്യക്തിക്കു് അനുഭവപ്പെടുന്ന ഒററപ്പെടലും തകർന്നുപോയ പഴയ മൂല്യങ്ങളുടെ സ്ഥാനത്തു പുതിയ മൂല്യങ്ങൾക്കുവേണ്ടിയുള്ള അന്വേഷണവും മററുമായിരുന്നു യൂറോപ്യൻ ''ആധുനികത''യുടെ ഉള്ളടക്കം. ഈ ഉള്ളടക്കത്തെ തീവ്രമായും സമഗ്രമായും ആവിഷ്കരിക്കുന്നതിനു് ഉപകരിക്കുമാറു് എല്ലാ കലകളുടെയും ബാഹ്യരൂപത്തെ ആകെ പൊളിച്ചുപണിയുന്നതിനു യൂറോപ്പിലെ ''ആധുനികർ'' യത്നിച്ചു.

സ്വാതന്ത്ര്യസമരത്തിൻെറ ഉത്ക്കടമായ ആവേശത്തിൽ ഇന്ത്യയിലെ ബുദ്ധിജീവികൾ മുഴുകിയിരുന്ന വർഷങ്ങളിൽ കലയിലെ ആധുനികപ്രസ്ഥാനം ഈ നാട്ടിൽ സ്വാധീനം ചെലുത്തുകയുണ്ടായില്ല. സമകാലദുർദ്ദശയിൽ അമർഷവും വരാനിരിക്കുന്ന ധീരനൂതനലോകത്തെപ്പററിയുള്ള പ്രതീക്ഷയുമാണു് ആ കാലഘട്ടത്തിൽ ഇന്ത്യയിലെ കലാകാരന്മാരെ ഉത്തേജിപ്പിച്ചതു്, കലകളിൽ ''റൊമാൻറിസിസം'' എന്ന പേരിലറിയപ്പെടുന്ന വൈവിദ്ധ്യപൂർണ്ണമായ പ്രസ്ഥാനത്തിനു ജന്മം നൽകുന്നതു് ഈ മനോഭാവമാകുന്നു.

സ്വാതന്ത്ര്യസമരത്തിൻെറ അവസാനവർഷങ്ങളിൽ ഭാരതീയർ സോഷ്യലിസ്റ്റു്—കമ്മ്യൂണിസ്റ്റു് ആശയങ്ങളുമായും ഈ ആശയങ്ങൾ ഉൾക്കൊണ്ടു രചിക്കപ്പെട്ട കലാകൃതികളുമായും പരിചയപ്പെട്ടു. ഇതു ഭാരതീയകാല്പനികതയിൽ റിയലിസം, സോഷ്യലിസ്റ്റു് റിയലിസംതുടങ്ങിയ പ്രതിപാദനരീതികളും വീക്ഷണവികല്പങ്ങളും കലരുന്നതിനു കാരണമായി. ഇന്ത്യൻ പുരോഗമനപ്രസ്ഥാനത്തിൻെറ പശ്ചാത്തലം ഇതാണു്.

സ്വാതന്ത്ര്യാനന്തര വർഷങ്ങളിലെ അനുഭവങ്ങൾ ഇന്ത്യൻബുദ്ധിജീവികളിൽ പലപ്പോഴും പ്രതീക്ഷകൾ തകർത്തു. ഇന്ത്യൻ ജനാധിപത്യത്തിൻെറ വൈരൂപ്യങ്ങളോടൊപ്പം അന്താരാഷ്ട്രീയരംഗത്തു പ്രത്യക്ഷപ്പെട്ട ശീതയുദ്ധവും ഏകശിലാഘനമായിരുന്ന കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിൻെറ പൊട്ടിപ്പിളരലും സ്റ്റാലിൻ നടത്തിയ ക്രൂരകൃത്യങ്ങളുടെ ചുരുൾ അഴിഞ്ഞതുമെല്ലാം ഇന്ത്യൻ ബുദ്ധിജീവികളുടെ മോഹഭംഗത്തിനു് ആക്കംകൂട്ടി.

ഏറെക്കുറെ എല്ലാ ഇന്ത്യൻഭാഷാസാഹിത്യങ്ങളിലും 'ആധുനികം' എന്ന പേരിടപ്പെട്ട ഒരു പരിവർത്തനം അറുപതുകളിൽ പ്രത്യക്ഷപ്പെട്ടതു് ഈ ചുററുപാടിലാണു്.

ഇന്ത്യയിലെ 'ആധുനികത'യ്ക്കു പാശ്ചാത്യരുടെ ആധുനികതയുമായി അകന്ന ബന്ധമേ ഉള്ളു. പൊതുവേ 'ആധുനികത'യ്ക്കു് ഒന്നിലും വിശ്വാസമുണ്ടായിരുന്നില്ല. അവർ മൂല്യങ്ങളെ

(ശേഷം 31-ാം പേജിൽ)

എൻ. വി. കൃഷ്ണവാരിയർ

(7–ാം പേജിൽനിന്നു തുടർച്ച)

നിഷേധിച്ചു. ആദർശങ്ങളെ പുച്ഛിച്ചു. രാഷ്ട്രീയത്തെ വെറുത്തു. അരാജകവാദികളായിരുന്ന അവർ സ്വന്തം വ്യക്തിദുഃഖങ്ങളിലേയ്ക്കു് ഉൾവലിഞ്ഞു. ഏകരൂപമായ ചാരനിറം പൂണ്ട സ്വന്തം ആന്തരലോകത്തെ ആവിഷ്കരിക്കുന്നതിനു പററിയ ഒരു കാവ്യശൈലി അവർ മെനഞ്ഞെടുത്തു. കവിതയിൽനിന്നു വൃത്തങ്ങളെ അവർ ബഹിഷ്കരിച്ചു. പകരം ചിലർ സാധാരണഗദ്യം ഉപയോഗിച്ചു; ചിലർ ആ ഗദ്യത്തിൽ നാടൻതോററങ്ങളുടെ താളങ്ങൾ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചു. നിയതങ്ങളായ അലങ്കാരങ്ങൾ ഈ കവികൾക്കു സ്വീകാര്യങ്ങളായിരുന്നില്ല. ഭഗ്നബിംബങ്ങൾ അവരിൽ പലരെയും ആകർഷിച്ചു. ചിലർ വൈയക്തികപ്രതീകങ്ങളുടെ ചിത്രണത്തിലേയ്ക്കു തിരിഞ്ഞു. ഇതൊക്കെക്കാരണം കവിത പൊതുവേ ദുർഗ്രഹമായി. അതു ശാന്തതയിൽ അനുസന്ധാനം ചെയ്യേണ്ട വികാരമല്ലാതായി. പലരും കവിതയെ രംഗവേദിയിലെ പ്രകടനമായി മാററി. അനുഗൃഹീതരായ ചില കവികളുടെ ഘനഗംഭീരമായ സ്വരത്തിലൂടെ ആവിഷ്കരിക്കപ്പെട്ടാലേ കവിത അനുവാചകനു് ആസ്വാദ്യമാവൂ എന്ന നിലവരെ എത്തിച്ചേർന്നു.

രണ്ടു ദശകങ്ങൾക്കുശേഷം എൺപതുകളിൽ മലയാളകവിതയിൽ ഒരു പുനർവിചാരം നടന്നുവരികയാണു് എന്നു തോന്നുന്നു. ആധുനികത വേലിയിറങ്ങിപ്പോയതുപോലെയുണ്ടു് ഇപ്പോൾ.

കവിത തനിയെ ഇരുന്നു വായിക്കാനുള്ളതാണെന്നും അതൊരു രംഗപ്രകടനം അല്ലെന്നുമുള്ള ധാരണ വീണ്ടും ഉളവായിക്കൊണ്ടിരിക്കുന്നു. മാത്രമല്ല, കവിത വായനക്കാരനു മനസ്സിലാവുകയും അയാളുടെ സഞ്ചിത സംസ്കാരത്തോടു സംവദിക്കുകയും വേണം. ദുർഗ്രഹത കവിതയുടെ ഗുണമല്ല, മറിച്ചു് ഒഴിവാക്കേണ്ട ദോഷമാണു് എന്നു കവികൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു.

കവിത, ഏതു കാലത്തും, ഏതു നാട്ടിലും, സംഗീതാത്മകമായ ചിന്തയാണു്; ആയിരുന്നു. ആന്തരമായ ഒരുതരം സംഗീതമാണു് കവിതയുടെ ജീവൻ. കവിതയിൽ സംഗീതത്തെ ആവാഹിക്കുന്നതിനുള്ള എളുപ്പമാർഗ്ഗമാണു് പരമ്പരയാ സ്വീകരിക്കപ്പെട്ടുവരുന്ന വൃത്തങ്ങൾ. ഒരിനം വൃത്തങ്ങളെ നിരസിക്കുന്നതു മറെറാരു തരം വൃത്തങ്ങളെ, അഥവാ വൃത്തസംഗീതത്തെ, സ്വീകരിക്കുന്നതിനാവണം. ഈ ചിന്താഗതിയും മലയാളകവിതയിൽ പുഷ്ടിപ്പെട്ടുവരുന്നതായി തോന്നുന്നു. വൃത്തനിരപേക്ഷമായ കവിതയിൽനിന്നു ഛന്ദോബദ്ധമായ കവിതയിലേയ്ക്കുള്ള ഒരു തിരിച്ചുപോക്കും ഇവിടെ കാണാനുണ്ടു്.

വെള്ളപ്പൊക്കം ഇറങ്ങിപ്പോയാൽ, കുന്നുകളും വയലുകളും മററുമടങ്ങിയ പഴയ ഭൂദൃശ്യം വീണ്ടും പ്രത്യക്ഷപ്പെടുന്നു. ആധുനികതയുടെ വെള്ളപ്പൊക്കം താഴ്ന്നുവരുന്ന തോതിനു ശുദ്ധമായ കാല്പനികതയുടെ, ശുഭപ്രതീക്ഷയുടെ, സംഗീതാത്മകതയുടെ, ലാളിത്യത്തിൻെറ അന്തരീക്ഷം മലയാളകവിതയിൽ തെളിഞ്ഞുവരുന്നുണ്ടോ?

ഉണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഈ തോന്നൽ ശരിയാണോ? അതോ, ഇതു് എൻെറ ഒരു ആഗ്രഹം മാത്രമോ? □

(മലയാളമനോരമ, 23-5-87)

## പത്രാധിപർക്കുള്ള കത്തുകൾ

മലയാളസാഹിത്യത്തിൽ മഹാത്മാഗാന്ധിയുടെ സ്വാധീനത്തെക്കുറിച്ചു ഗവേഷണാത്മകമായ പഠനം നടത്തുകയാണു് ഞാൻ. 1985വരെ ഉണ്ടായ കഥ, കവിത, നാടകം, നോവൽ, നാടൻസാഹിത്യം, നിരൂപണം എന്നിവയും നാടകാവതരണങ്ങൾ, പ്രസ്ഥാനങ്ങൾ എന്നിവയും പഠനവിധേയമാക്കുന്നുണ്ടു്. ഇക്കാര്യങ്ങൾ വെളിച്ചംവീശാൻതക്ക വിവരങ്ങൾ നല്ലാൻ കഴിവുള്ളവരുടെ സഹകരണം പ്രതീക്ഷിക്കുന്നു. അച്ചടിക്കാത്ത കൃതികൾ, മററു രേഖകൾ തുടങ്ങിയവ അയച്ചുതരുന്നവരുടെ പോസ്റ്റൽ ചെലവു് വഹിക്കുന്നതാണു്.

—പ്രൊഫ. കല്പററ ബാലകൃഷ്ണൻ
സൂര്യ, തൃശ്ശൂർ–680011.